# DESHABHIMANI

## Nadubhagom Chundan wins 10th round of Champions Boat League

**Date :** 10.11.2019 | **Edition : Alappuzha** | **Page :** 3 | **Clip size (cm) : W:** 21 **H:** 15

---

■ കായംകുളം ജലോത്സവത്തിലും ജയം

# നടുഭാഗം ചുണ്ടൻ 9/10



കായംകുളം ജലോത്സവത്തിൽ നടുഭാഗം ചുണ്ടൻ ഒന്നാംസ്ഥാനം നേടുന്നു

**സ്വന്തം ലേഖകൻ**

**കായംകുളം**

കായംകുളം കായലിലും പള്ളാത്തുരുത്തി ബോട്ട് ക്ലബ് തുഴഞ്ഞ നടുഭാഗം ചുണ്ടൻ(ട്രോപ്പികൽ ടൈറ്റൻസ്) ഒന്നാമൻ. ചാമ്പ്യൻസ് ബോട്ട്ലീഗിന്റെ പത്താം മത്സരത്തിലാണ് നടുഭാഗം സീസണിലെ ഒമ്പതാം ജയം സ്വന്തമാക്കിയത്.യുബിസി കൈനകരിയുടെ ചമ്പക്കുളം ചുണ്ടൻ (കോസ്റ്റ്ഡൊമിനേറ്റേഴ്സ്) രണ്ടാംസ്ഥാനവും പൊലീസ് ബോട്ട് ക്ലബിന്റെ കാരിച്ചാൽ ചുണ്ടൻ( റേജിങ് റോവേഴ്സ്) മൂന്നാം സ്ഥാനവും നേടി. നടുഭാഗത്തിന്റെ തുടർച്ചയായ അഞ്ചാം ജയമാണിത്. 4.39.76 മിനിറ്റ് കൊണ്ടാണ് നടുഭാഗം തുഴഞ്ഞെത്തിയത്. ചമ്പക്കുളം 5.17.17 മിനിറ്റും കാരിച്ചാൽ 5.17.60 മിനിറ്റും സമയമെടുത്തു. ഹീറ്റ്സിലും ഫൈനൽ മത്സരത്തിലുമായി മികച്ച സമയം (4.26.90 മിനിറ്റ്) കുറിച്ച നടുഭാഗമാണ് 'നെരോലാക് എക്സൽ ഫാസ്റ്റസ്റ്റ് ടീം'. അഞ്ച് ബോണസ് പോയിന്റും ലഭിച്ചു.

ഇതുവരെയുള്ള മത്സരങ്ങളിൽ 143 പോയിന്റാണ് നടുഭാഗത്തിന്. എറണാകുളം മറൈൻ ഡ്രൈവിൽ മാത്രമായിരുന്നു തോൽവി. കാരിച്ചാൽ ചുണ്ടൻ 70 പോയിന്റോടെ രണ്ടാംസ്ഥാനത്തും ചമ്പക്കുളം ചുണ്ടൻ 63 പോയിന്റോടെ മൂന്നാം സ്ഥാനത്തുമുണ്ട്.

എൻസിഡിസി കുമരകത്തിന്റെ ദേവസ് ചുണ്ടൻ (മൈറ്റി ഓർസ്)– 62, ഗബ്രിയേൽ (ബാക്ക് വാട്ടർ നൈറ്റ്സ്)–51, വീയപുരം (പ്രൈഡ് ചേസേഴ്സ്)– 44, പായിപ്പാടൻ (ബാക്ക് വാട്ടർ വാരിയേഴ്സ്)–30, മഹാദേവിക്കാട് കാട്ടിൽ തെക്കേതിൽ (തണ്ടർ ഓർസ്)– 24, സെന്റ് ജോർജ് (ബാക്ക് വാട്ടർ നിൻജ)– 22 എന്നിങ്ങനെയാണ് പോയിന്റ്നില. യൂണിഫോമിൽ പിഴവുവരുത്തിയ ഗബ്രിയേൽ ചുണ്ടന് ഹീറ്റ്സിൽ അഞ്ച് സെക്കൻഡ് പിഴ ചുമത്താൻ സിബിഎൽ കമ്മിറ്റി തീരുമാനിച്ചു. ഒന്നാം ലൂസേഴ്സ് ഫൈനലിൽ ട്രാക്ക് തെറ്റിച്ച പായിപ്പാടനും അഞ്ച് സെക്കൻഡ് പിഴചുമത്തി.

കായംകുളം ജലോത്സവം മന്ത്രി ടി എം തോമസ് ഐസക് ഉദ്ഘാടനം ചെയ്തു. യു പ്രതിഭ എംഎൽഎ അധ്യക്ഷയായി. മന്ത്രി കടകംപള്ളി സുരേന്ദ്രൻ മുഖ്യാതിഥിയായി. എ എം ആരിഫ് എംപി, നഗരസഭാ ചെയർമാൻ അഡ്വ. എൻ ശിവദാസൻ, സിബിഎൽ എക്സിക്യൂട്ടീവ് അംഗം സി കെ സദാശിവൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരായ ആർ ആനന്ദൻ, രജനി ജയദേവ്, കെ രഘു പ്രസാദ്, നഗരസഭാ വൈസ് ചെയർപേഴ്സൺ ആർ ഗിരിജ, ആലപ്പി സഹകരണ സ്പിന്നിങ് മിൽ ചെയർമാൻ എം എ അലിയാർ, അഡ്വ. എ അജികുമാർ, പി അരവിന്ദാക്ഷൻ, സംസ്ഥാന ടൂറിസം അഡീഷണൽ ഡയറക്ടർ കൃഷ്ണ തേജ, ടൂറിസം ഡെപ്യൂട്ടി ഡയറക്ടർ ടി ജി അഭിലാഷ് എന്നിവർ സംസാരിച്ചു. ജർമൻ ഫുട്ബോൾ താരം പാട്രിക് ഒവോമോയേല മത്സരം കാണാനെത്തിയിരുന്നു.